## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2134 — 08/03/2018-ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകളുടെ കിട്ടാക്കടം

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായി സഹകരണ ബാങ്കുകളുടെ കിട്ടാക്കടത്തിന്റെ ശതമാനം കുറയ്ക്കുന്നതിന് സംസ്ഥാന സഹകരണ ബാങ്ക് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | കേരള സംസ്ഥാന സഹകരണ ബാങ്ക് കുടിശ്ശികയായ വായ്പകളിൽ ARC കേസുകൾ ഫയൽ ചെയ്യുകയും EP നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് SARFAESI Act പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിഷ്ക്രിയാസ്തിയായ ഉയർന്ന മൂല്യമുള്ള വായ്പകൾ പരിച്ചെടുക്കുന്നതിനായി ഒറ്റത്തവണയായി വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിനുള്ള അനുരഞ്ജന ചർച്ചകൾ നടന്നുവരുന്നു. അപ്പെക്സ് സഹകരണ സംഘങ്ങൾ/സ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുള്ള ഉയർന്ന മൂല്യമുള്ള വായ്പകൾ പിരിച്ചെടുക്കുന്നതിനായി ചർച്ചകൾ നടന്നുവരുന്നു. നിഷ്ക്രിയാസ്തി കുറയ്ക്കുന്നതിനായി കോ-ബാങ്ക് സാന്ത്വനം 2017 എന്ന പേരിൽ ബാങ്കിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നവകേരളീയം കുടിശ്ശിക നിവാരണം 2018 എന്ന പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും ബാങ്കിൽ നടപ്പാക്കി വരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി വസ്തു ഈടുവച്ച് പണം കടം എടുത്തിട്ട് മുടക്കം വരുത്തിയവർക്ക് ജപ്തി നോട്ടീസ് അയച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ | (ബി) | വായ്പക്കാരെ നേരിട്ടും കത്തുമുഖേനയും പല തവണ ബന്ധപ്പെട്ടിട്ടും കുടിശ്ശിക തുക അടയ്ക്കാത്ത വായ്പക്കാരുടെ പേരിൽ ജപ്തി നടപടികളുടെ മുന്നോടിയായി ആർബിട്രേഷൻ കേസുകൾ ഫയൽ ചെയ്യുകയും ഈ കേസുകൾ അവാർഡ് ചെയ്ത് നിയമപരമായ കാലാവധി കഴിഞ്ഞിട്ടും വായ്പാ തുക അടയ്ക്കാത്ത വായ്പക്കാരുടെ പേരിൽ ജപ്തി നടപടികൾ തുടർന്നുവരുന്നു. കൂടാതെ ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ വായ്പ എടുത്ത കുടിശ്ശികയായ വായ്പക്കാരുടെ പേരിൽ കേന്ദ്ര നിയമമായ SARFAESI Act പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | റബ്ബറിന്റെയും കാർഷികോല്പന്നങ്ങളുടെയും വിലയിടിവ് മൂലം ബുദ്ധിമുട്ടുന്ന സാധാരണക്കാർക്ക് കുടിശ്ശിക അടച്ചു തീർക്കുവാൻ സാവകാശം നൽകാതെ ജപ്തി നടപടികളിലേക്ക് പോകുന്നത് ഒഴിവാക്കുമോ: വ്യക്തമാക്കാമോ? | (സി) | വായ്പ, കുടിശ്ശിക ആയതിന് ശേഷം നിയമത്തിൽ നിഷ്കർഷിക്കുന്ന തരത്തിൽ ആവശ്യമായ സമയം അനുവദിച്ചതിന് ശേഷം മാത്രമാണ് ജപ്തി നടപടികളിലേക്ക് കടക്കുന്നത്. കാർഷിക ഭൂമി പണയം വെച്ച് വായ്പ എടുക്കുന്ന കേസുകളിൽ കേന്ദ്ര നിയമപ്രകാരമുള്ള ജപ്തി നടപടികൾ സ്വീകരിക്കാറില്ല. അത്തരം കേസുകളിൽ ARC ഫയൽ ചെയ്ത് കുടിശ്ശിക പിരിച്ചെടുക്കുന്ന നടപടികളാണ് സ്വീകരിക്കുന്നത്. ഈ നടപടിക്രമം വളരെ കാലതാമസം എടുക്കുന്നതാകയാൽ കുടിശ്ശിക അടച്ച് തീർക്കാൻ മതിയായ സമയം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ